മലങ്കര സുറിയാനി കത്തോലിക്കാ സഭ

# MCCL ദിനം 2021
# (മലങ്കര കാത്തലിക് ചിൽഡ്രൻസ് ലീഗ്)

## വിശ്വാസപരിശീലനത്തിന് വേണ്ടിയുള്ള സുന്നഹദോസ് കമ്മീഷൻ ചെയർമാന്റെ സന്ദേശം

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, മാതാപിതാക്കളേ, യേശുവിൽ പ്രിയ കുഞ്ഞുങ്ങളേ,

2021 ഫെബ്രുവരി 14 ഞായറാഴ്ച മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ കുട്ടികളുടെ സംഘടനയായ മലങ്കര കാതലിക് ചിൽഡ്രൻസ് ലീഗ് (MCCL) ദിനമായി ആചരിക്കുകയാണ്. മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ 2010 സെപ്റ്റംബർ 20-ന് സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവായുടെ കല്പനപ്രകാരം ഔദ്യോഗികമായി രൂപം കൊണ്ടതാണ് കുട്ടികളുടെ MCCL സംഘടന.

ദൈവഭക്തി ജ്ഞാനവും പ്രബോധനവുമാകുന്നു (പ്രഭാ 1:27) എന്ന തിരുവചനം ആധാരമാക്കി മലങ്കര സുറിയാനി കത്തോലിക്കാസഭ, വിശ്വാസപരിശീലനത്തെ സഭയുടെ അടിസ്ഥാന ശുശ്രൂഷയായി പരിഗണിക്കുന്നു. കുഞ്ഞുങ്ങളെ വേദോപദേശം പഠിപ്പിക്കുകയും ഭക്തിമാർഗത്തിൽ പരിശീലിപ്പിക്കുകയും ചെയ്യണമെന്നുള്ളത് തിരുസഭയ്ക്ക് നമ്മുടെ കർത്താവ് ഭരമേല്പ്പിച്ചിട്ടുള്ള അതിപ്രധാനമായ കടമയാകുന്നു എന്ന് ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്ത നമ്മെ ഓർമ്മപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ കുട്ടികൾ നാളെ സഭയേയും സമൂഹത്തേയും വിശ്വാസത്തിലും പാരമ്പര്യത്തിലും നയിക്കേണ്ടവരാണ്. ശൈശവത്തിൽ തന്നെ ദൈവത്തെ

അറിഞ്ഞ്, സഭയെയും സമൂഹത്തെയും മനസ്സിലാക്കി, സ്നേഹിച്ച് പ്രവർത്തിക്കുവാനും വളരുവാനും കുഞ്ഞുങ്ങളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യമാണ് MCCL സംഘടനയ്ക്ക് .

കോവിഡ്-19 എന്ന മഹാമാരിയുടെ പശ്ചാത്തലത്തിൽ നാമെല്ലാവരും കടന്നു പോകുമ്പോൾ നമ്മുടെ എല്ലാ പ്രവർത്തനങ്ങളും പ്രതിസന്ധിയിൽ ആയിരിക്കുന്ന സാഹചര്യമാണല്ലോ നിലവിൽ ഉള്ളത്. പ്രതിസന്ധിയുടെ ഈ നാളുകളിൽ സങ്കീർത്തകൻ പ്രാർത്ഥിച്ചതുപോലെ “ദൈവത്തോടു ചേർന്നു നിൽക്കുന്നതാണ് എന്റെ ആനന്ദം, ദൈവമായ കർത്താവിൽ ഞാൻ അഭയം പ്രാപിച്ചിരിക്കുന്നു. അവിടുത്തെ പ്രവർത്തികളെ ഞാൻ പ്രഘോഷിക്കും” (സങ്കീ 73:28). എന്ന വിശ്വാസത്തോടെ പ്രാർത്ഥിക്കുവാൻ നമ്മുക്ക് കഴിയണം. പ്രതിസന്ധിയുടെ കാലഘട്ടത്തിലാണല്ലോ നാം നമ്മുടെ വിശ്വാസത്തിൽ ദൃഢപ്പെടേണ്ടത്. നമ്മുടെ കുട്ടികൾക്ക് ദേവാലയത്തിൽ ഒന്നിച്ചു കൂടി പ്രാർത്ഥിക്കുവാനും വിശ്വാസപരിശീലനത്തിൽ ഏർപ്പെടുവാനും കഴിയാത്ത സാഹചര്യത്തിലും കുട്ടികളുടെ വിശ്വാസപരിശീലനത്തിനു ഒരു കുറവും വരാൻ പാടില്ല എന്നു മനസിലാക്കിയാണ് എല്ലാ ഭദ്രാസനങ്ങളും ഓൺലൈൻ മതബോധന സംവിധാനം ഏർപ്പെടുത്തി കാര്യക്ഷമമായി പ്രവർത്തിക്കുന്നത്. ഈ അവസരത്തിൽ ഇപ്രകാരം ക്രമീകരണങ്ങൾ ചെയ്ത എല്ലാവരെയും പ്രത്യേകം അഭിനന്ദിക്കട്ടെ.

കോവിഡ്-19 മഹാമാരിമൂലം നമ്മുടെ എല്ലാ പ്രവർത്തനങ്ങളും നൂതനമായ രീതിയിൽ മാറ്റുവാൻ നാം നിർബന്ധിതരായിരിക്കുകയാണല്ലോ. 2021 ഫെബ്രുവരി 14-ന് MCCL ദിനം ആഘോഷിക്കുമ്പോഴും സാഹചര്യം വ്യത്യസ്തമല്ല. നമ്മുടെ കുട്ടികളുടെ പഠനം, കൂടിവരവുകൾ, ആരാധനജീവിതം അങ്ങനെ എല്ലാം വ്യത്യസ്തമായ രീതിയിലേക്ക് മാറ്റപ്പെട്ടു. ഈ വർഷത്തെ MCCL ദിനാഘോഷം മുൻവർഷങ്ങളിലെപോലെ ആഘോഷിക്കുവാൻ നമുക്ക് സാധിക്കുന്നില്ല. 2021 ഫെബ്രുവരി 14 MCCL ദിനമായി ആചരിക്കുമ്പോൾ ഓരോ ഇടവകയും അതാതു ഭദ്രാസനവും ഭദ്രാസനത്തിൽ നിന്നുള്ള പ്രത്യേക അറിയിപ്പുകൾ സ്വീകരിച്ചുകൊണ്ടും ഇടവക വികാരിയുടെ പ്രത്യേക നിർദ്ദേശവും കോവിഡ്-19ന്റെ പ്രത്യേക മാനദണ്ഡങ്ങളും കണക്കിലെടുത്തു കൊണ്ടും ആഘോഷങ്ങൾ ക്രമീകരിക്കാവുന്നതാണ്. അന്നേ ദിവസത്തെ വി. കുർബായിൽ മതബോധന പ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ അദ്ധ്യാപകരെയും കുട്ടികളെയും സമർപ്പിച്ച് പ്രാർത്ഥിക്കണമെന്ന് സ്നേഹത്തോടെ ഓർമ്മിപ്പിക്കട്ടെ പ്രസ്ഥാനത്തിന്റെ പ്രസക്തി വിശ്വാസ സമൂഹത്തെയും കുട്ടികളെയും ബോദ്ധ്യപ്പെടുത്തു



വാൻ ഇടവക വികാരിമാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. കുട്ടികളുടെ വിശ്വാസ പരിശീലനം എന്ന ശ്രേഷ്ഠമായ ദൗത്യത്തിൽ ത്യാഗപൂർവ്വം പങ്കുചേരുന്ന എല്ലാവർക്കും സഭയുടെ നാമത്തിൽ നന്ദി അറിയിക്കുന്നു. ഏവരുടെയും പ്രാർത്ഥനപൂർവ്വമായ സഹായവും സഹകരണങ്ങളും സ്നേഹപൂർവ്വം അഭ്യർത്ഥിച്ചുകൊണ്ട്,

+ Eusebius

**✠ തോമസ് മാർ യൗസേബിയോസ്**
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
വിശ്വാസ പരിശീലന സുന്നഹദോസ് കമ്മീഷൻ ചെയർമാൻ,
പാറശാല ഭദ്രാസനാദ്ധ്യക്ഷൻ

31.01.2021
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം.

N.B. ഈ സർക്കുലർ MCCL ദിനമായ ഫെബ്രുവരി 14-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ, നമ്മുടെ എല്ലാ പള്ളികളിലും മിഷൻ കേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.